# ഒരു ഓണക്കാല
# പ്രശാന്ത
# സാന്ധ്യപ്രകാശം

**(സമയസന്ദർഭങ്ങൾക്ക് ഒരു നീണ്ട കവിത)**

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

താഴ്‌വരയിലെ ഗർഭഗൃഹത്തിലിരുന്ന്
ആയിരം നിലകളുള്ള കൊട്ടാരം
ഉയരങ്ങളിൽ കെട്ടിച്ചമച്ച്
നീലാകാശം തൊടാനുള്ള
നീളൻ മുളന്തോട്ടി നീട്ടി
പഴുത്ത് പുഴുക്കുന്ന പുളിയൻമാങ്ങ
ചുണയോടെ കുലുക്കിവീഴ്ത്തി
കീറാതെ മുറിച്ചു പകുക്കുന്ന
അവസാനിക്കാത്ത പ്രക്രിയയാണ്
ശുദ്ധവന്യത വലംവെക്കുന്ന
നാടത്തത്തിലെ കാടത്തം.

ചോദ്യങ്ങൾ ചോദിച്ചു വിയർക്കുമ്പോൾ
ഉത്തരങ്ങളിൽ നിന്നും ഒളിച്ചോടുന്ന
ഗൌളിശാസ്ത്രവും ജ്യോതിഷവും
ചിലച്ചു ജ്വലിക്കുന്ന സംവാദയരങ്ങ്;
ജിഗ്സൊ-പസിൽ പോലെ
ജീവാത്മാവിൽ ചിതറിക്കിടക്കുന്ന
ക്രമംപൊഴിഞ്ഞ കടലാസ്സു തുണ്ടങ്ങൾ
നിറമൊലിച്ച ചിത്രങ്ങളായി വിന്യസിക്കുന്ന
മിനുപ്പുള്ള സിമന്റുതറയിലെ വിയർപ്പിർപ്പം;

ഏച്ചുവെയ്പ്പിന്റെ മുഴപ്പുള്ള
മനംമങ്ങലിന്റെ മുഴുചിത്രപ്പഴുതിൽ
ചീറ്റിപ്പടരുന്ന കാലൊച്ച
അഞ്ജനക്കല്ലുള്ള സ്വീകരണിയന്ത്രം;
സദാ വിറച്ചുചലിക്കുന്ന
ഗൃഹപാഠ മുക്തകങ്ങളുടെ
ഓർമ്മപ്പെടുത്തുന്ന നൈരന്തര്യം.

ഇഗ്നേഷ്യസ് പുണ്യാളൻ
ഫ്രാൻസിസ് പുണ്യാളന്റെ
കാതിൽ മന്ത്രിച്ച
ആത്മനാശപ്പൂവിന്റെ
ദുർഗന്ധം!

കൃഷ്ണൻ കൃഷ്ണമണിയോട്
ചാട്ടവാറടിയുടെ നിനദക്കൊടുമുടിയിൽ
ഇടിമുഴക്കിയ ജ്ഞാനാമൃതവർഷിണിയുടെ
ധൈര്യസ്ഥൈര്യക്കുളിർപ്പാച്ചിൽ.

ഉണർത്തുചിന്തയുടെ മേഘഗർജ്ജനം:
കാര്യസ്ഥപാഠയഭ്യാസമുറ
പരീക്ഷണപ്രബന്ധമാക്കുന്ന രാത്രിയാത്രി,
അവസാനനിമിഷത്തിൽ എത്തിക്കുന്ന
ക്ഷണക്കത്തിനെ ക്ഷണം നിരസിക്കാതെ
വെള്ളത്താടിയെ അന്ത്യത്തിൽ കത്തിയാക്കുന്ന
തിരസ്കരിണീമന്ത്രം ശിരസ്സിൽ
കേൾക്കാരാഗത്തിൽ മൂളിയതാരാണ്?

എന്നും ചോദ്യമിതാണ്:
ദീർഘായുസ്സു രേഖയുടെ ഇന്ത്യനിങ്കിലെ വരപ്പ്,
അർദ്ധായുസ്സിന്റെ കുലടവക്രോക്തിയിൽ
പ്രത്യുൽപന്നമതിത്വ പ്ലാവിൻക്കൊമ്പിലെ
ഒറ്റച്ചക്ക വീഴ്ത്തുന്ന മുയൽക്കുഞ്ഞിന്റെ
ഒറ്റപ്പെട്ട ചിത്രരൂപരേഖ ഘോഷിക്കണോ?

അല്ലെങ്കിൽ,

അശരീരിയുടെ താരസ്ഥായീഗ്ഗസലിൽ,
അസന്തുലനത്തിന്റെ ദുർഘടക്കവാടം വർജ്ജിക്കുന്ന,
ബ്രഹ്മജ്ഞാനവർഷം അളക്കുന്ന, ഉറക്കെ അട്ടഹസിക്കുന്ന,
നിശബ്ദതാഭഞ്ജകനായ സശബ്ദഘടികാരത്തിലെ
നിമിഷസൂചിയുടെ അതിമന്ദച്ചലനച്ചിലമ്പൽ
കൃത്രിമ പേശിയുരുട്ടുന്ന ഹോർമോൺ ചികിത്സകന്റെ
ക്ഷണിക സഞ്ചാരിഭാവലയ സ്ഫോടനക്കുമിളയാക്കുന്ന,
അവതാളത്തിന്റെ ഹൃദയമിടിപ്പിനെ അനുഗമിക്കണോ?

എങ്കിലും:
കാണം തേടുന്ന ഓണനിലാവും
നാട്ടുകൂട്ട കളിവിഭവവും
തല്ലിത്തകർക്കുന്ന കളമൊഴിയും
താളവട്ടത്തിലെ ചുവടുവെപ്പും
അങ്കമില്ലാത്തയങ്കനം കുറിക്കും
കാവ്യാംഗനയുടെ സെറ്റുമുണ്ടിൻ
ഒളിമങ്ങാത്ത വൈചിത്ര്യത്തിൽ
ഒളിസേവയ്ക്കിന്നും ഓശാരമോതും!
****************************************************************************************